"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ത.സ്വ.ഭ.വ. - അർബൻ റിജുവനേഷൻ ആന്റ് ബ്യൂട്ടിഫിക്കേഷൻ സ്കീം - പദ്ധതിയുടെ സ്റ്റേറ്റ് ലെവൽ നോഡൽ ഓഫീസറായി തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറിനെ നിയമിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ഡി സി) വകുപ്പ്**

സ.ഉ.(സാധാ) നം.3055/2025/LSGDതീയതി, തിരുവനന്തപുരം, 23-12-2025

---

പരാമർശം:- 1. 21.08.2023 ലെ സ.ഉ.(സാധാ)1698/2023/ ത.സ്വ.ഭ.വ. നമ്പർ ഉത്തരവ്.

2. 10.04.2025 ലെ സ.ഉ.(സാധാ)949/2025/ ത.സ്വ.ഭ.വ. നമ്പർ ഉത്തരവ്.

**ഉത്തരവ്**

സംസ്ഥാനത്തെ തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് എന്നീ നഗരങ്ങളുടെ സൗന്ദര്യവത്കരണം ലക്ഷ്യമാക്കി 300 കോടി രൂപ പദ്ധതിച്ചെലവിൽ 'അർബൻ റിജ്യൂവനേഷൻ ആന്റ് ബ്യൂട്ടിഫിക്കേഷൻ സ്കീം' എന്ന പദ്ധതി നടപ്പാക്കുന്നതിനും ആയതു 2023-24 സാമ്പത്തികവർഷം 100 കോടി രൂപ കിഫ്ബി ധനസഹായത്തോടെ പ്രാവർത്തികമാക്കുന്നതിനും തത്വത്തിൽ അനുമതിനൽകിയും പദ്ധതിയുടെ സ്റ്റേറ്റ് ലെവൽ നോഡൽ ഓഫീസറായി തദ്ദേശസ്വയംഭരണ വകുപ്പ് അഡിഷണൽ ചീഫ് ടൗൺ പ്ലാനർ (പ്ലാനിംഗ്), ശ്രീ. പി. എൻ. രാജേഷിനെ നിയമിച്ചും പരാമർശം (1) പ്രകാരം ഉത്തരവായിരുന്നു.

(2) തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് ടൗൺ പ്ലാനറുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ, തദ്ദേശസ്വയംഭരണ വകുപ്പ് അഡിഷണൽ ചീഫ് ടൗൺ പ്ലാനർ (പ്ലാനിംഗ്), ശ്രീ. പി. എൻ. രാജേഷ് വിവരമിച്ചതിനെ തുടർന്ന് അർബൻ റിജ്യൂവനേഷൻ ആന്റ് ബ്യൂട്ടിഫിക്കേഷൻ സ്കീം' പദ്ധതിയുടെ സ്റ്റേറ്റ് ലെവൽ നോഡൽ ഓഫീസറായി അഡിഷണൽ ചീഫ് ടൗൺ പ്ലാനറുടെ അധിക ചുമതല വഹിച്ചിരുന്ന തദ്ദേശസ്വയംഭരണ (പ്ലാനിംഗ്) വകുപ്പിലെ സീനിയർ ടൗൺ പ്ലാനർ ശ്രീ. രാജേഷ് റ്റി.എൻ.-നെ നിയമിച്ച് പരാമർശം (2) പ്രകാരം ഉത്തരവായിരുന്നു.

(3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. അർബൻ

റിജൂവനേഷൻ ആന്റ് ബ്യൂട്ടിഫിക്കേഷൻ സ്കീം' പദ്ധതിയുടെ സ്റ്റേറ്റ് ലെവൽ നോഡൽ ഓഫീസറായി **തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറെ** നിയമിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു . ടി സ്കീമിൽ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്ന വിവിധ പദ്ധതികൾ ബന്ധപ്പെട്ട നഗരങ്ങളുടെ പ്രസിദ്ധീകരിച്ച മാസ്റ്റർ പ്ലാനുകൾക്ക് വിധേയമാണെന്ന് ഉറപ്പാക്കുന്നതിന്, തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് ടൗൺ പ്ലാനർ SPV കൾ, ULB കൾ, എന്നിവയ്ക്കിടയിലെ ഏകോപനം തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ നടത്തേണ്ടതാണെന്നും നിർദ്ദേശിക്കുന്നു .

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
രാമനാഥ് ജി
ഡെപ്യൂട്ടി സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ ,തദ്ദേശസ്വയംഭരണ വകുപ്പ് , തിരുവനന്തപുരം
ശ്രീ.രാജേഷ് റ്റി. എൻ., സീനിയർ ടൗൺ പ്ലാനർ, തദ്ദേശസ്വയംഭരണ വകുപ്പ് (പ്ലാനിംഗ്) തിരുവനന്തപുരം
ചീഫ് ടൗൺ പ്ലാനർ , തദ്ദേശസ്വയംഭരണ വകുപ്പ് (പ്ലാനിംഗ് ) ,തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ് 1/ഓഡിറ്റ് 2), കേരള, തിരുവനന്തപുരം.
ചിഫ് എക്സിക്യൂട്ടിവ് ഓഫീസർ , കിഫ്ബി , തിരുവനന്തപുരം .
സെക്രട്ടറി , ടിഡ , തിരുവനന്തപുരം.
സെക്രട്ടറി , ജി.സി .ഡി .എ , എറണാകുളം.
മാനേജിംഗ് ഡയറക്ടർ , ഇമ്പാക്റ്റ് കേരള , തിരുവനതപുരം.
ഇൻഫർമേഷൻ ഓഫീസർ (വെബ് ന്യൂ മീഡിയ), തിരുവനന്തപുരം.
എക്സിക്യൂട്ടിവ് ഡയറക്ടർ , ഇൻഫർമേഷൻ കേരള മിഷൻ .
കരുതൽ ഫയൽ/ ഓഫീസ് പകർപ്പ് .

ഉത്തരവിൻ പ്രകാരം
Signed by
Shaija R M
സെക്ഷൻ ഓഫീസർ
Date: 23-12-2025 16:32:13